LIBRARY ARCHIVES Kerala Legislative Assembly

സോളാർ അന്വേഷണം

209 (213) ശ്രീ. പി. സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് കേസന്വേഷണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; വിശദമാക്കുമോ ;

(ബി) ഈ കേസ് അന്വേഷിക്കുന്ന ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ എന്നാണ് നിലവിൽ വന്നത് ; എത്രകാലംകൊണ്ട് നടപടി പൂർത്തിയാക്കണമെന്നാണ് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) സോളാർ കേസിൽ വകുപ്പിന്റെ കണക്കുപ്രകാരം എത്ര പ്രതികൾ ഉണ്ട് ; ഇവർ ആരൊക്കെ ; വിശദമാക്കുമോ ?

ഉത്തരം

(എ) സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട് 36 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇതിൽ 31 കേസുകൾ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും വിവിധ കോടതികളിൽ വിചാരണയിലിരിക്കുന്നതുമാണ്. 2 കേസുകൾ കോമ്പൗണ്ട് ചെയ്യുകയും 2 കേസുകൾ FAD ആയി കോടതിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. 1 കേസ് (മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്) അന്വേഷണാവസ്ഥയിലുമാണ്.

(ബി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ക്രമക്കേടുകളെയും കുറിച്ചന്വേഷിക്കുന്നതിനായി ജസ്റ്റിസ് (റിട്ട.) ജി. ശിവരാജൻ അന്വേഷണ കമ്മീഷനെ 28-10-2013-ൽ സർക്കാർ നിയമിച്ചു. ആറുമാസക്കാലംകൊണ്ട് അന്വേഷണം പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും കമ്മീഷന്റെ അഭ്യർത്ഥന പ്രകാരം കാലാവധി 3 തവണ നീട്ടി നൽകുകയുണ്ടായി.

(സി) കെ. ആർ. ബിജു @ ബിജു രാധാകൃഷ്ണൻ, സരിത എസ്. നായർ, ശാലു മേനോൻ, കലാദേവി, ടെന്നി ജോപ്പൻ, മണിമോൻ @ മണിലാൽ സന്തോഷ് കുമാർ, ആർ. സി. രവി, ഇന്ദിര, പി., എ. കെ. വാര്യർ, ഇബ്രാഹിം, ഹാഷിം, സന്ദീപ് എന്നിവർ സോളാർ തട്ടിപ്പ് കേസുകളിൽ പ്രതികളാണ്.

ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി

210 (214) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;